മറ്റു സംസ്ഥാനങ്ങളിലെ ഓഡിറ്റ് വകുപ്പുകളുമായി ആശയങ്ങൾ കൈമാറുന്നതിനും ഓഡിറ്റ് പ്രക്രിയയിലെ നൂതനരീതികളെപ്പറ്റി ചർച്ച ചെയ്യുന്നതിനും വിവിധ സംസ്ഥാനങ്ങളിലെ ഓഡിറ്റ് വകുപ്പിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് നവംബർ മാസത്തിൽ തിരുവനന്തപുരത്ത് വച്ച് ദേശീയ സെമിനാർ നടത്തുവാൻ ഉദ്ദേശിക്കുന്നു.

ബാലസാന്ത്വനം

67 (5872) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലസാന്ത്വനം പദ്ധതി രൂപീകരിച്ചത് എന്നാണ് ; എന്താണ് ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ ?

• ഉത്തരം

23-12-2014-ലെ ജി.ഒ.(പി)575/2014/ധന. നമ്പർ ഉത്തരവ് പ്രകാരമാണ് 'ബാലസാന്ത്വനം - 2014' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മാസ ശമ്പളത്തിൽനിന്നും ഒരു നിശ്ചിത തുക വീതം കുറവ് ചെയ്ത് സമാഹരിക്കുന്ന ഫണ്ടിൽനിന്നും റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിൽകഴിയുന്ന അർബുദബാധിതരായ 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ചികിത്സാ ധനസഹായം നൽകുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

കേരളത്തിന്റെ സാമ്പത്തിക വളർച്ച നിരക്ക്

68 (5873) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ നിരക്കിനെക്കാൾ മുന്നിലെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നല്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly